COMMITTEE FOR THE INQUIRY OF THE GRIEVANCES OF NURSES

476. മിസ്റ്റർ കെ. എ. രാഘവൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) കൊച്ചി മെഡിക്കൽ സർവ്വീസിലെ നേഴ്സുമാരുടെ അവശതകളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു ഗവണ്മെണ്ടിൽനിന്നും ഒരു കമ്മറിയെ നിയമിച്ചുവോ എന്നാണ്;

(ബി) അന്നു മെഡിക്കൽ വകുപ്പു സംബന്ധിച്ചു കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന മന്ത്രി ആരായിരുന്നു;

(സി) മന്ത്രിയില്ലായിരുന്നുവെങ്കിൽ മെഡിക്കൽ വകുപ്പു ജനകീയമന്ത്രിയുടെ ഭരണത്തിലല്ലാതിരുന്ന ഒരു ഇടക്കാലസന്ധിയിലല്ലെ ഈ കമ്മറിയുടെ നിയമനമുണ്ടായതു;

(ഡി) ഈ കമ്മറിക്കാർ അവരുടെ റിപ്പോർട്ട് സമർപ്പിച്ചുവോ;

(ഇ) ഉണ്ടെങ്കിൽ എന്താണ് അവരുടെ ശിപാർശകൾ;

(എഫ്) നേഴ്സുമാക്ക വിവാഹം അനുവദിക്കാമോ എന്ന പ്രശ്നത്തെക്കുറിച്ചു കമ്മറി അഭിപ്രായം ശേഖരിച്ചു നേഴ്സുമാരിൽ എത്രപേർ വിവാഹം അനുവദിക്കണമെന്നായും എത്രപേർ അനുവദിക്കരുതെന്നായും അഭിപ്രായപ്പെട്ടിട്ടുണ്ടു?

റാവു ബഹദൂർ ടി. കെ. നായർ.

(എ) ഫൻ രണ്ടു ആഗസ്റ്റ് വൺ-പൂജ്യം.

(ബി) & (സി) മിസ്റ്റർ പറമ്പി ലോനപ്പൻ മെഡിക്കൽ വകുപ്പുസംബന്ധിച്ചു കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നപ്പോളാണ് ഇങ്ങിനെ ഒരു കമ്മറിയെ നിയമിക്കണമെന്നും ഇന്നിന്നവരായിരിക്കണം അതിലെ അംഗങ്ങളെന്നും ഓർഡർ പാസ്സാക്കിയതു. നിയമനം കഴിഞ്ഞു ഉത്തരവു പുറപ്പെട്ടതു ചോദ്യത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു ഇടക്കാലസമയത്താണ്.

(ഡി) ഉവ്വ്.

(ഇ) കമ്മറി റിപ്പോർട്ടിന്റെ ഒരു പകർപ്പു മേശപ്പുറത്തു വെച്ചിട്ടുണ്ടു.

(എഫ്) എല്ലാ നേഴ്സുമാരും വിവാഹം അനുവദിക്കണമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു.

GRAZING GROUND—DETAILS REGARDING

477. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട ദയവായി മറുപടി പറയുമോ.—

(എ) ഗവണ്മെണ്ടിന്റെ മേച്ചിൽസ്ഥലനിർമ്മാണപദ്ധതി അനുസരിച്ചു ഫ്രഞ്ച്-ൽ ഏതെങ്കിലും വില്ലേജുകളിൽ പുതിയ മേച്ചിൽസ്ഥലങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇല്ല.

(ബി ഉത്തരം ആവശ്യമില്ല.

ANCHAL OFFICE AT KANJIRAMITTAM—OPENING OF

478. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) കാഞ്ഞിരമിറ്റത്തു ഒരു ബ്രാഞ്ച് അഞ്ചലാപ്പീസ്സ് തുറക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു കീച്ചേരി, കാഞ്ഞിരമിറ്റം മുതലായ പ്രദേശങ്ങളിലെ ജനങ്ങളുടെ വല്ല നിവേദനവും ഗവണ്മെണ്ടിലേക്ക ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെണ്ടു എന്തു നടപടി എടുക്കുകയുണ്ടായി?

റാവു സാഹിബ് കെ. അയ്യപ്പൻ:

(എ) ഉണ്ടു.

(ബി) ഫ്രഞ്ച്-ൽ അവിടെ ഒരു അഞ്ചലാപ്പീസ്സ് തുറക്കുന്നതിനുവേണ്ട നടപടികൾ എടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly